പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**15.12.2015 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം. **2953**

**സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. കെ. രാജു | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കണക്കാക്കി ഉച്ചഭക്ഷണ നിരക്ക് വർദ്ധിപ്പിക്കണമെന്ന സംസ്ഥാന മോണിറ്ററിംഗ് സമിതിയുടെ ശിപാർശ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സമിതിയുടെ ശിപാർശകൾ നടപ്പാക്കാൻ കഴിയാതെപോയതെന്തു കൊണ്ടാണെന്ന് വിശദമാക്കുമോ? | (എ) | ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | ഒന്നു മുതൽ എട്ടു വരെയുള്ള എത്ര സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നുണ്ട്; | (ബി) | 12358 സ്കൂളുകളിൽ ഉച്ചഭക്ഷണപദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്കായി ഓരോ കുട്ടിക്കും എത്ര രൂപ വീതം നൽകുന്നുണ്ട്; തുക അപര്യാപ്തമായതിനാൽ ഉച്ചഭക്ഷണ പരിപാടി പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടി യാണുള്ളത്? | (സി) | സ്കൂൾ പ്രവൃത്തിദിവസം കുട്ടിയൊന്നിന് 5/-രൂപ നിരക്കിൽ നിലവിൽ നൽകിവരുന്നു. ആയതിനുള്ള തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനു മുൻകൂറായി ഫണ്ട് പ്രഥമാധ്യാപകർക്ക് നൽകുന്നതിനാൽ പദ്ധതിയുടെ നടത്തിപ്പിന് പ്രതിസന്ധി നേരിടുന്നതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കുട്ടിയൊന്നിന് 5/-രൂപ എന്ന നിരക്കിൽ നൽകിവരുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**